"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം – സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ – 2026-27 അധ്യയന വർഷം മുതൽ സർക്കാർ–മാനേജ്മെന്റ് കരാർ – വിദ്യാർത്ഥികളിൽ നിന്നുള്ള പലിശരഹിത റീഫണ്ടബിൾ ഡെപ്പോസിറ്റ് വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(കൈ) നം.495/2026/HEDN തീയതി,തിരുവനന്തപുരം, 15-07-2026

പരാമർശം:- 1. 26.06.2024-ലെ G.O.(Ms) No.398/2024/HEDN നമ്പർ സർക്കാർ ഉത്തരവ്.

2. 26.06.2024-ലെ G.O.(Ms) No.399/2024/HEDN നമ്പർ സർക്കാർ ഉത്തരവ്.

3. Fee Regulatory Committee-യുടെ 07.11.2024 ലെ FRC 50/ENGG/KCECMA നമ്പർ കത്ത്.

**ഉത്തരവ്**

2024-25 അധ്യയന വർഷത്തേക്കുള്ള സർക്കാർ–മാനേജ്മെന്റ് കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്ക് വിദ്യാർത്ഥികളിൽ നിന്ന് ₹1,00,000/- (ഒരു ലക്ഷം രൂപ) പലിശരഹിത റീഫണ്ടബിൾ ഡെപ്പോസിറ്റായി സ്വീകരിക്കുന്നതിന് പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം കേരള കാത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ (KCECMA), അസോസിയേഷൻ ഓഫ് മാനേജ്മെന്റ്സ് ഓഫ് ക്രിസ്ത്യൻ ഓട്ടോണമസ് എഞ്ചിനീയറിംഗ് കോളേജസ് ഓഫ് കേരള (AMCAECK) എന്നീ അസോസിയേഷനുകളുടെ കീഴിലുള്ള കോളേജുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെ Clause 26 പ്രകാരം, കരാർ Fee Regulatory Committee-യുടെ അംഗീകാരത്തിനും Admission Supervisory Committee-യുടെ അംഗീകാരത്തിനു വിധേയമാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിൽ, Kerala Catholic Engineering



College Managements Association (KCECMA) ന്റെ കീഴിലുള്ള കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 2024-25 മുതൽ 2026-27 അധ്യയന വർഷം വരെയുള്ള മൂന്ന് അക്കാദമിക വർഷത്തേക്കാണ്.

2. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ 10.07.2024-ലെയും 22.10.2024-ലെയും യോഗങ്ങളിൽ സർക്കാർ–മാനേജ്മെന്റ് കരാർ പരിശോധിക്കുകയും, വിദ്യാർത്ഥികളിൽ നിന്ന് ₹1,00,000/- പലിശരഹിത റീഫണ്ടബിൾ ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ നിരാകരിച്ചു കൊണ്ട് പരാമർശം (3) കത്ത് പ്രകാരം സർക്കാരിനെ അറിയിക്കുകയും ഉണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ അംഗീകാരമില്ലാത്ത സാഹചര്യത്തിൽ, 2026-27 അധ്യയന വർഷം മുതൽ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളുടെ മാനേജ്മെന്റുകളുമായുള്ള എല്ലാ സർക്കാർ–മാനേജ്മെന്റ് കരാറുകളിലും വിദ്യാർത്ഥികളിൽ നിന്ന് ₹1,00,000/- (ഒരു ലക്ഷം രൂപ) പലിശരഹിത റീഫണ്ടബിൾ ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിൽ കുമാർ എസ്
ജോയിന്റ് സെക്രട്ടറി